## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2427 — 12.03.2020-ൽ മറുപടിയ്ക്ക്.

## കാലിത്തീറ്റയുടെ വില വർധന

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാലിത്തീറ്റയുടെ വില വർധന മൂലം സംസ്ഥാനത്തെ ക്ഷീരോൽപാദകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കാലിത്തീറ്റ വിലവർദ്ധനവിന്റെ ആഘാതം പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കാലിത്തീറ്റയുടെ ഉപയോഗം കുറയ്ക്കുന്നതിന് തീറ്റപ്പുൽകൃഷി വ്യാപകമായി നടത്തുന്നതിന് ഒരു ഹെക്ടർ സ്ഥലത്തിന് 21,000/- രൂപയുടെ ധനസഹായം നൽകുന്നു. കൂടാതെ സർക്കാർ അർദ്ധ സർക്കാർ സ്വകാര്യ വ്യക്തികൾ കൈവശം തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി നടത്തി തീറ്റപ്പുല്ല് ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br>ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ബഹുഭൂരിഭാഗം പഞ്ചായത്തു-കളിലും വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 4 രൂപ അധികമായി ലഭിയ്ക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കി വരുന്നുണ്ട്. |
| (ബി) എങ്കിൽ, ഇവരെ സഹായിക്കുന്നതിനായി സർക്കാർ സബ്സിഡി നൽകി കാലിത്തീറ്റ വില വർധനയുടെ ഭാരം കർഷകരിൽ നിന്ന് എടുത്തുമാറ്റാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) കാലിത്തീറ്റയ്ക്ക് സബ്സിഡി നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് രൂക്ഷമായ വരൾച്ച കാരണം ബുദ്ധിമുട്ടനുഭവിയ്ക്കുന്ന ക്ഷീരകർഷകരെ സഹായിയ്ക്കുന്നതിനായി കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിനുള്ള ഒരു പുതിയ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ